ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE: 18.04.2025** **TIME : 07.25 PM**

## പ്രധാന വാർത്തകൾ

1. ബഹിരാകാശരംഗത്ത് ചരിത്രം കുറിക്കാനൊരുങ്ങി ഇന്ത്യ; ആക്സിയം എ എക്സ് 4 ദൗത്യത്തിന്റെ ഭാഗമായി വ്യോമസേന ഗ്രൂപ്പ് ക്യാപ്റ്റൻ ശുഭാംശു ശുക്ല അന്താരാഷ്ട്ര ബഹിരാകാശ നിലയത്തിലേക്ക്

IAF's Group Captain Shubhanshu Shukla to Fly to ISS Next Month on Axiom's Ax-4 Mission

2. സുപ്രധാന മന്ത്രാലയങ്ങൾക്ക് പുതിയ സെക്രട്ടറിമാരെ നിയമിച്ച് കേന്ദ്രസർക്കാർ; അരവിന്ദ് ശ്രീവാസ്തവ റവന്യൂ സെക്രട്ടറിയാകും

Centre Appoints New Secretaries Across Key Ministries; Arvind Shrivastava to Head Revenue Dept

3. ടോൾ പ്ലാസകളിൽ ഉപഗ്രഹാധിഷ്ഠിത ടോൾ പിരിവ് സംവിധാനം ആരംഭിക്കുന്നതുമായി ബന്ധപ്പെട്ട് തീരുമാനം എടുത്തിട്ടില്ലെന്ന് കേന്ദ്ര സർക്കാർ

No Decision Yet on Satellite-Based Tolling from May 1: Government Clarifies

4. അടുത്ത മാസം നടക്കുന്ന ലോക ദൃശ്യ ശ്രവ്യ വിനോദ ഉച്ചകോടി വേവ്സിന്റെ ഒരുക്കങ്ങൾ വിലയിരുത്തി

കേന്ദ്രസഹമന്ത്രി എൽ മുരുകൻ; ക്രിയേറ്റ് ഇൻ ഇന്ത്യ ചലഞ്ചിൽ രജിസ്റ്റർ ചെയ്തത് ഒരു ലക്ഷം പേർ

**MoS L Murugan Reviews Preparations for WAVE Summit in Mumbai; Create in India Challenge Evolves into a Global Movement with Nearly 1 Lakh Registrations**

5. പത്തനംതിട്ട കോന്നിയിൽ ആനക്കൂടു സന്ദർശിക്കാനെത്തിയ നാലുവയസുകാരൻ കോൺക്രീറ്റ് തൂൺ ഇളകിവീണു മരിച്ചു

**A four-year-old boy who came to visit the elephant enclosure in Konni, Pathanamthitta, died after falling from a concrete pillar.**

6. ഐപിഎൽ ക്രിക്കറ്റിൽ ഇന്ന് ബംഗളൂരു-പഞ്ചാബ് പോരാട്ടം

**Bengaluru and Punjab will clash today in IPL cricket**

&&&&&&&&&&&&&&&&&&

## INDIA - SPACE MISSION

ബഹിരാകാശ യാത്രയിൽ നിർണായക അധ്യായം എഴുതാൻ ഒരുങ്ങി ഇന്ത്യ. ആക്സിയം സ്പെയ്സ് ദൗത്യം AX-4ന്റെ ഭാഗമായി ഇന്ത്യൻ വ്യോമസേനയിലെ ഗ്രൂപ്പ് ക്യാപ്റ്റൻ ശുഭാംശു ശുക്ല അടുത്ത മാസം അന്താരാഷ്ട്ര ബഹിരാകാശ നിലയത്തിലേക്കു യാത്ര തിരിക്കും. കേന്ദ്ര സഹമന്ത്രി ജിതേന്ദ്ര സിങ്ങാണ് ഇക്കാര്യം അറിയിച്ചത്. വരും മാസങ്ങളിൽ ഐഎസ്ആർഒയുടെ പ്രധാന ഭാവിപദ്ധതികൾ അവലോകനം ചെയ്യുന്നതിനായി നടന്ന ഉന്നതതല യോഗത്തിനുശേഷം സംസാരിക്കുകയായിരുന്നു മന്ത്രി.

1984ൽ രാകേഷ് ശർമ്മയ്ക്കുശേഷം ബഹിരാകാശയാത്ര നടത്തുന്ന ആദ്യ ഇന്ത്യക്കാരനാകും ശുഭാംശു ശുക്ല.

&&&&&&&&&&&&&&&&&&

## SECRETARY APPOINTMENT

വിവിധ മന്ത്രാലയങ്ങളിലും വകുപ്പുകളിലും സെക്രട്ടറിമാരെ നിയമിച്ച് കേന്ദ്രസർക്കാർ. പ്രധാനമന്ത്രിയുടെ ഓഫീസിൽ അഡീഷണൽ സെക്രട്ടറിയായി സേവനമനുഷ്ഠിക്കുന്ന അരവിന്ദ് ശ്രീവാസ്തവയാണ് ധനമന്ത്രാലയത്തിലെ പുതിയ റവന്യൂ സെക്രട്ടറി. രാജ്യരക്ഷാമന്ത്രാലയത്തിലെ ഡയറക്ടർ ജനറൽ സമീർ കുമാർ സിൻഹ, വ്യോമയാന സെക്രട്ടറിയാകും. വിദേശ വ്യാപാര ഡയറക്ടർ ജനറൽ സന്തോഷ് കുമാർ സാരംഗിയെ നവ-പുനരുപയോഗ ഊർജമന്ത്രാലയ സെക്രട്ടറിയായും, നികുഞ്ജ ബിഹാരി ധലിനെ പാർലമെന്ററികാര്യ മന്ത്രാലയ സെക്രട്ടറിയായും നിയമിച്ചു.

&&&&&&&&&&&&&&&&&&

## CENTRE–SATELLITE BASED TOLLING

ടോൾ പ്ലാസകളിൽ, ഉപഗ്രഹാധിഷ്ഠിത ടോൾ പിരിവ് സംവിധാനം ആരംഭിക്കുന്നത് സംബന്ധിച്ച് തീരുമാനം എടുത്തിട്ടില്ലെന്ന് കേന്ദ്ര സർക്കാർ. അടുത്ത മാസം ഒന്ന് മുതൽ ഈ പദ്ധതി നിലവിൽ വരുമെന്ന മാധ്യമ റിപ്പോർട്ടുകളുടെ പശ്ചാത്തലത്തിലാണ് ദേശീയ ഉപരിതല ഗതാഗത- ഹൈവേ മന്ത്രാലയം ഇക്കാര്യം വ്യക്തമാക്കിയത്.

അതേസമയം, വാഹനങ്ങളുടെ നമ്പർ പ്ലേറ്റ് തിരിച്ചറിയുന്ന ANPR സംവിധാനവുമായി നിലവിലെ FASTag സംയോജിപ്പിച്ച്, നൂതന സംവിധാനം തിരഞ്ഞെടുത്ത ടോൾ പ്ലാസകളിൽ ഉടൻ നിലവിൽ വരുമെന്ന് കേന്ദ്രം അറിയിച്ചു. ടോൾ പ്ലാസകളിൽ വാഹനം നിർത്താതെ പണം ഈടാക്കുന്ന ഈ സംവിധാനം പരീക്ഷണാടിസ്ഥാനത്തിലായിരിക്കും ആദ്യം നടപ്പാക്കുക.

&&&&&&&&&&&&&&&&&&

## CENTRE-RADAR RULE

വാഹന വേഗത അളക്കാൻ ഉപയോഗിക്കുന്ന റഡാർ ഉപകരണങ്ങൾക്കായി കേന്ദ്രം പുതിയ നിയമങ്ങൾ വിജ്ഞാപനം ചെയ്തു. 2011-ലെ ലീഗൽ മെട്രോളജി നിയമങ്ങളുടെ അടിസ്ഥാനത്തിലാണ് വിജ്ഞാപനം. റോഡ് സുരക്ഷ വർദ്ധിപ്പിക്കുന്നതിന് ലക്ഷ്യമിട്ടുള്ള നിയമങ്ങൾ ജൂലൈ 1 മുതൽ പ്രാബല്യത്തിൽ വരുമെന്ന് ഉപഭോക്തൃകാര്യ മന്ത്രാലയം പ്രസ്താവനയിൽ പറഞ്ഞു.

&&&&&&&&&&&&&&&&&&

## ASHWINI VAISHNAW -INTRO

കഴിഞ്ഞ 10 വർഷത്തിനിടെ രാജ്യത്തെ ഇലക്ട്രോണിക്സ് ഉൽപ്പന്ന നിർമ്മാണത്തിൽ അഞ്ച് മടങ്ങ് വർദ്ധന ഉണ്ടായതായി കേന്ദ്രമന്ത്രി അശ്വിനി വൈഷ്ണവ്. മേഖലയിലെ

കയറ്റുമതി ആറുമടങ്ങ് വർദ്ധിച്ച് മൂന്നുലക്ഷത്തി 25 ആയിരം കോടി രൂപയായതായി അദ്ദേഹം അറിയിച്ചു.

(ഹോൾഡ് വോയിസ്)

ഇലക്ട്രോണിക്സ് നിർമ്മാണമേഖലയെ കൂടുതൽ വികസിപ്പിക്കാൻ ഇലക്ട്രോണിക് ഘടകങ്ങളുടെ നിർമ്മാണ പദ്ധതിക്ക് പ്രധാനമന്ത്രി അടുത്തിടെ അംഗീകാരം നൽകിയിരുന്നു.

&&&&&&&&&&&&&&&&&&

## MUMBAI WAVES REVIEW MEETING

അടുത്തമാസം ഒന്നുമുതൽ നാലുവരെ മുംബൈയിൽ നടക്കുന്ന, ലോക ദൃശ്യ-ശ്രവ്യ വിനോദ ഉച്ചകോടി 'വേവ്സി'ന്റെ ഒരുക്കങ്ങൾ വാർത്താവിതരണ പ്രക്ഷേപണ സഹമന്ത്രി എൽ. മുരുകൻ വിലയിരുത്തി. കേന്ദ്രത്തിലെയും മഹാരാഷ്ട്രയിലെയും നോഡൽ ഓഫീസർമാർ യോഗത്തിൽ പങ്കെടുത്തു.

&&&&&&&&&&&&&&&&&&

## WAVES 2

വേവ്സിന്റെ പ്രധാന സംരംഭമായ ക്രിയേറ്റ് ഇൻ ഇന്ത്യ ചലഞ്ചിൽ 32 മത്സര വിഭാഗങ്ങളിലായി ഒരു ലക്ഷത്തോളം പേർ ഇതിനകം രജിസ്റ്റർ ചെയ്തു. 60-ലധികം രാജ്യങ്ങളിൽ നിന്നായി ആയിരത്തി ഒരുനൂറിലധികം അന്താരാഷ്ട്ര മത്സരാർഥികളും രജിസ്റ്റർ ചെയ്തിട്ടുണ്ട്. അനിമേഷൻ,

കോമിക്സ്, നിർമിതബുദ്ധി, ഗെയിമിങ്, സംഗീതം എന്നിവയിലെ ഫൈനൽ മത്സരങ്ങൾ അടുത്തമാസം വേവ്സ് ഉച്ചകോടിയിൽ അരങ്ങേറും.

&&&&&&&&&&&&&&&&&&

**MEA BANGLADESH**

പശ്ചിമ ബംഗാളിലെ സംഭവവികാസങ്ങളെക്കുറിച്ച് ബംഗ്ലാദേശ് ഉദ്യോഗസ്ഥർ നടത്തിയ പരാമർശങ്ങൾ ഇന്ത്യ തള്ളിക്കളഞ്ഞു. ബംഗ്ലാദേശിൽ ന്യൂനപക്ഷങ്ങൾക്കെതിരായി നടക്കുന്ന നിരന്തര പീഡനങ്ങളെക്കുറിച്ചുള്ള ഇന്ത്യയുടെ ആശങ്കകൾ മറച്ചുവയ്ക്കാനുള്ള ശ്രമമാണിതെന്ന് വിദേശകാര്യ വക്താവ് രൺധീർ ജയ്സ്വാൾ പറഞ്ഞു.

&&&&&&&&&&&&&&&&&&

**NCW – NHRC – KOLKATA**

വഖഫ് ഭേദഗതി നിയമത്തിനെതിരായ പ്രതിഷേധങ്ങളെത്തുടർന്ന് മുർഷിദാബാദിലുണ്ടായ അക്രമത്തെക്കുറിച്ചന്വേഷിക്കാൻ ദേശീയ വനിതാ കമ്മീഷൻ അധ്യക്ഷ വിജയ രഹത്കർ കൊൽക്കത്തയിലെത്തി. സംഘർഷബാധിതപ്രദേശങ്ങൾ അവർ സന്ദർശിച്ചു. മാൾഡയിലെ അഭയാർത്ഥി ക്യാമ്പിൽ ദേശീയ മനുഷ്യാവകാശ കമ്മീഷൻ സംഘവും സന്ദർശനം നടത്തി.

&&&&&&&&&&&&&&&&&&

## VIZHINJAM – PM

വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖം അടുത്ത മാസം രണ്ടിന് പ്രധാനമന്ത്രി നരേന്ദ്രമോദി രാജ്യത്തിനു സമർപ്പിക്കും. ദക്ഷിണേഷ്യയിലെ ആദ്യ അർധ-യന്ത്രവൽകൃത തുറമുഖമായ വിഴിഞ്ഞം ഇന്ത്യയുടെ വാണിജ്യകവാടമായി അതിവേഗം വളരുകയാണ്. 2024 ജൂലൈ 13 മുതലാണ് വിഴിഞ്ഞത്ത് പരീക്ഷണാടിസ്ഥാനത്തിൽ കപ്പലുകൾ വന്നുതുടങ്ങിയത്.

&&&&&&&&&&&&&&&&&&

## PM MUSK

പ്രധാനമന്ത്രി നരേന്ദ്ര മോദി ഇന്ന് ടെസ്‌ല കമ്പനി സിഇഒ എലോൺ മസ്ക്കുമായി ചർച്ച നടത്തി. സാങ്കേതികവിദ്യ, നൂതനാശയങ്ങൾ എന്നീ മേഖലകളിൽ ഇന്ത്യ-അമേരിക്ക സഹകരണത്തിനുള്ള സാധ്യതകൾ ഇരുവരും വിലയിരുത്തി.

&&&&&&&&&&&&&&&&&&

## PM-GITA-UNESCO

യുനെസ്ക്കോയുടെ ലോക സ്മാരക രജിസ്റ്ററിൽ ഭഗവദ് ഗീതയും നാട്യശാസ്ത്രവും ഉൾപ്പെടുത്തിയതിനെ പ്രധാനമന്ത്രി നരേന്ദ്ര മോദി പ്രകീർത്തിച്ചു. ഇന്ത്യയുടെ കാലാതീതമായ ജ്ഞാനത്തിനും സമ്പന്നമായ സംസ്കാരത്തിനുമുള്ള ആഗോള അംഗീകാരമാണിതെന്ന് അദ്ദേഹം പറഞ്ഞു.

&&&&&&&&&&&&&&&&&&

## KONNI –ACCIDENT

പത്തനംതിട്ട കോന്നിയിൽ ആനക്കൂടു സന്ദർശിക്കാനെത്തിയ നാലുവയസുകാരൻ കോൺക്രീറ്റ് തൂൺ ഇളകിവീണു മരിച്ചു. അടൂർ കടമ്പനാടു സ്വദേശികളായ അജി-ശാരി ദമ്പതികളുടെ മകൻ അഭിരാമാണു മരിച്ചത്. നാലടിയോളം ഉയരമുള്ള കോൺക്രീറ്റ് തൂണാണു കുട്ടിയുടെ ദേഹത്ത് പതിച്ചത്. തുടർന്ന് കോന്നി ആനക്കൂട് താൽക്കാലികമായി അടച്ചു. സംഭവത്തിൽ വീഴ്ച വരുത്തിയവർക്കെതിരെ കർശന നടപടി സ്വീകരിക്കുമെന്ന് മന്ത്രി എ കെ ശശീന്ദ്രൻ പറഞ്ഞു.

&&&&&&&&&&&&&&&&&&

## GOOD FRIDAY –INTRO

ക്രിസ്തുവിൻറെ പീഡാനുഭവത്തിൻറേയും കുരിശുമരണത്തിൻറേയും ഓർമ പുതുക്കി ലോകമെമ്പാടും ക്രൈസ്തവർ ഇന്ന് ദുഖവെള്ളി ആചരിച്ചു. ദുഃഖത്തിന്റെയും ധ്യാനത്തിന്റെയും ആത്മീയനിറവിന്റെയും ദിനമാണ് ദുഃഖവെള്ളി.

(വോയ്സ്)

&&&&&&&&&&&&&&&&&&

## IPL T 20 CRICKET

ഐപിഎൽ ക്രിക്കറ്റിൽ ഇന്ന് റോയൽ ചലഞ്ചേഴ്സ് ബെംഗളൂരു, പഞ്ചാബ് കിങ്സ് മത്സരം. ബെംഗളൂരു

ചിന്നസ്വാമി സ്റ്റേഡിയത്തിൽ നടക്കേണ്ട മത്സരം മഴമൂലം വൈകുന്നു.

&&&&&&&&&&&&&&&&&&

## CM–KERALA

കേരള സർക്കാരിന്റെ നാലാം വാർഷികാഘോഷങ്ങളുടെ സംസ്ഥാനതല ഉത്ഘാടനം തിങ്കളാഴ്ച മുഖ്യമന്ത്രി പിണറായി വിജയൻ കാസർഗോഡ് നിർവഹിക്കും. മെയ് 30 വരെ വിപുലമായ പരിപാടികളോടെയാണ് വാർഷികാഘോഷം സംഘടിപ്പിക്കുന്നത്.

&&&&&&&&&&&&&&&&&&

## MINISTER SAJI CHERIAN–DRUG

സിനിമാമേഖലയിലെ ലഹരി ഉപയോഗത്തിൽ മുഖം നോക്കാതെ നടപടിയെടുക്കുമെന്ന് മന്ത്രി സജി ചെറിയാൻ. ലഹരിപരിശോധനയിൽനിന്ന് ആരെയും ഒഴിവാക്കില്ലെന്നും വിവരം ലഭിച്ചാൽ എവിടെയും പരിശോധന നടത്തുമെന്നും മന്ത്രി എം.ബി രാജേഷ് അറിയിച്ചു.

&&&&&&&&&&&&&&&&&&

## JEE MAIN RESULT

ജോയിന്റ് എൻട്രൻസ് എക്സാമിനേഷൻ -ജെഇഇ മെയിൻപരീക്ഷയുടെ ഫലം നാളെ പ്രഖ്യാപിക്കുമെന്ന് നാഷണൽ ടെസ്റ്റിങ് ഏജൻസി അറിയിച്ചു. രാജ്യത്തെ വിവിധ എൻജിനിയറിങ് കോളേജുകളിലേക്കുള്ള

ബിരുദപ്രവേശനത്തിന് ദേശീയതലത്തിൽ നടത്തുന്ന പ്രവേശന പരീക്ഷയാണ് ജെഇഇ.

&&&&&&&&&&&&&&&&&&

## CHHATTISGARH-MAOISTS

ഛത്തീസ്ഗഢിലെ സുക്മ ജില്ലയിൽ ഇന്ന് ഒമ്പത് വനിതാ നക്സലുകൾ ഉൾപ്പെടെ 22 മാവോയിസ്റ്റുകൾ കീഴടങ്ങി. പൊലീസിലെയും സിആർപിഎഫിലെയും മുതിർന്ന ഉദ്യോഗസ്ഥർക്കു മുന്നിലാണ് ഇവർ കീഴടങ്ങിയത്.

&&&&&&&&&&&&&&&&&&

## ZAMBIA - M-POX

ആഫ്രിക്കൻ രാഷ്ട്രമായ സാംബിയയിൽ എംപോക്സ് ബാധിതരുടെ എണ്ണം 49 ആയി. 10 വയസ്സുള്ള കുട്ടി ഇന്നലെ മരിച്ചു. ഈ മാസം 13 പുതിയ കേസുകൾ റിപ്പോർട്ട് ചെയ്തു. രാജ്യത്തെ 10 പ്രവിശ്യകളിൽ ആറിലും രോഗം റിപ്പോർട്ട് ചെയ്തിട്ടുണ്ട്. കോളറ ബാധയും വ്യാപിക്കുന്നതായി റിപ്പോർട്ടുകൾ സൂചിപ്പിക്കുന്നു.

&&&&&&&&&&&&&&&&&&

## US-AIR STRIKE YEMEN

പടിഞ്ഞാറൻ യെമനിലെ ഇന്ധന തുറമുഖത്ത് അമേരിക്ക നടത്തിയ വ്യോമാക്രമണത്തിൽ 38 ഓളം തൊഴിലാളികൾ കൊല്ലപ്പെടുകയും 100 ലധികം പേർക്ക് പരിക്കേൽക്കുകയും

ചെയ്യുതായി ഹൂതികളുടെ ഉടമസ്ഥതയിലുള്ള അൽ-മസിറ ടിവി റിപ്പോർട്ട് ചെയ്യു. ആക്രമണത്തിനിരയായവർ സാധാരണ തൊഴിലാളികളാണെന്ന് ഹൂതി ആരോഗ്യമന്ത്രാലയം അറിയിച്ചു.

&&&&&&&&&&&&&&&&&&

&&&&&&&&&&&&&&&&&&

&&&&&&&&&&&&&&&

&&&&&&&&&&&&

&&&&&&&&

&&&&&&&

&&&&&&

&&&&

&&&

&&

&